## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. -ജീവനക്കാര്യം -സീനിയർ സൂപ്രണ്ടുമാരുടെ സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ഈ കാര്യാലയത്തിലെ ഇതേ നം. ഉത്തരവ് തീയതി 07/08/2019.
2. ശ്രീമതി ഗീതാകുമാരി കെ. വി., ലേ സെക്രട്ടറി ആന്റ് ട്രഷറർ 08/08/2019 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

**ഉത്തരവ് നമ്പർ ഇ.ഡി.3-38900/2019/ആ.വ.ഡ.,തീയതി: 09/08/2019**

പരാമർശം (1) പ്രകാരം ശ്രീമതി ഷൈനി ഫിലിപ്പ്, സീനിയർ സൂപ്രണ്ട് -ന് സ്ഥലംമാറ്റം നൽകി കോട്ടയം ജില്ലയിലെ പാമ്പാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമിച്ച് ഉത്തരവായിരുന്നു. എന്നാൽ തിരുവനന്തപുരം, വിതുര താലൂക്ക് ആശുപത്രിയിലെ ലേ സെക്രട്ടറി ആന്റ് ട്രഷറർ, ശ്രീമതി ഗീതാകുമാരി കെ. വി. സർവ്വീസിൽ നിന്നും വിരമിക്കാൻ 2 വർഷത്തിൽ താഴെ സേവനമുള്ളതിനാൽ തന്റെ സ്വദേശമായ കോട്ടയം ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന് പരാമർശം (2) പ്രകാരം അപേക്ഷിച്ചിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ഷൈനി ഫിലിപ്പ് -ന്റെ കോട്ടയം ജില്ലയിലെ പാമ്പാടി താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്കുള്ള പരാമർശം (1) പ്രകാരമുള്ള സ്ഥലംമാറ്റ ഉത്തരവ് റദ്ദ് ചെയ്ത് കോന്നി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലനിർത്തിയും, ശ്രീമതി ഗീതാകുമാരി കെ. വി. -യെ വിതുര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിന്ന് കോട്ടയം ജില്ലയിലെ പാമ്പാടി താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്കും സ്ഥലംമാറ്റം നൽകി നിയമിച്ചും ഉത്തരവാകുന്നു.

ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഈ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് പകരക്കാരെ കാക്കാതെ തന്നെ ടി ഉദ്യോഗസ്ഥരെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതാണ്.

പരാമർശം (1) -ലെ ഉത്തരവ് ഇപ്രകാരം ഭേദഗതി വരുത്തി നിലനിർത്തുന്നു.

(ഒപ്പ്)
ഡോ. സരിത ആർ. എൽ.
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

ബന്ധപ്പെട്ട വ്യക്തികൾ

പകർപ്പ്:-
1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ /സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
3. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
4. ആരോഗയവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.
5. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജിആർആർ-09/08

18550
GOVERNMENT OF KERALA 2017-18